I/82140/2023

**ഭരണഭാഷ -മാതൃഭാഷ**

**നമ്പര്.TCPKZD/794/2022-സി1**

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്)
An ISO 9001 2015 Certified Office
കെ.യു.ആര്.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി.10-01-2023
ഫോണ്: 0495-2369300
ഇമെയിൽ :tpkzd.lsgdplng@kerala.gov

**നഗരാസൂത്രകൻ,**
കോഴിക്കോട്.
**അസി.എൻജിനിയർ**
കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല)

സർ,

വിഷയം:- കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല)-പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹ നിർമ്മാണം -ശ്രീമതി സാവിത്രി, സുമതി, ശകുന്തള എന്നിവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 23/12/2022 ലെ EZ4/9447/2022 കത്ത്

കോഴിക്കോട് നഗരസഭ(എലത്തൂർ മേഖല)-എലത്തൂർ വില്ലേജിൽ വാർഡ് 1- ,റീസർവേ നമ്പർ 77/8 -ൽ 80.81 ച .മീ സ്ഥലത്ത് 56.84 ച.മീ ബിൽറ്റ്അപ്പ് ഏരിയയിൽ ഒരു വാസഗൃഹ നിർമാണത്തിന് ശ്രീമതി സാവിത്രി, സുമതി, ശകുന്തള എന്നവർ സമർപ്പിച്ച അപേക്ഷ കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർ പ്ലാൻ സോണിങ് റെഗുലെഷൻസ് ചട്ടം 25.1 (12 C) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകുന്നു .

**നിബന്ധനകൾ**

1. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും, അളവുകളും, വിസ്തീർണ്ണവും, ഉടമസ്ഥാവകാശവും, ഭൂമിയുടെ തരവും, സർവ്വേ / റീ സർവ്വേ നമ്പറുകളും, നിർമ്മാണാവകാശവും കെട്ടിട നിർമ്മാണ ചട്ട പ്രകാരവും നിലവിലുള്ള മറ്റ് ആക്റ്റുകളും നിയമങ്ങളും പ്രകാരവും സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
3. ചട്ടം 5(4) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ NOC

വാങ്ങേണ്ടതാണ്.

4. സ്ഥലം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നതിനാൽ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം ബന്ധപ്പെട്ട അധികാരികളിൽ നിന്നും **CRZ** അനുമതി വാങ്ങിക്കേണ്ടതാണ്.

**നോട്ട്:-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം പ്രകാരം* പരിസ്ഥിതി ലോല മേഖലയിൽ ***വാസഗൃഹം*** *നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ് .*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 10-01-2023 17:34:20

**നഗരാസൂത്രകൻ, കോഴിക്കോട്.**

പകർപ്പ് :-അപേക്ഷകന്
ഉള്ളടക്കം:-മേൽ പറഞ്ഞവ